"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാദമികം - സ്വാശ്രയ നേഴ്സിംഗ് സ്കൂളുകൾ - സീറ്റ് വർദ്ധനവിനുള്ള നിരാക്ഷേപ പത്രം അനുവദിക്കുന്നത് - ചേർത്തല സെന്റ് സെബാസ്റ്റ്യൻ വിസിറ്റേഷൻ സ്കൂൾ ഓഫ് നേഴ്സിംഗിൽ ജി.എൻ.എം കോഴ്സ് സീറ്റു വർദ്ധനവിന് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.182/2024/H&FWD    തീയതി,തിരുവനന്തപുരം, 29-07-2024

---

പരാമർശം:-

1. സ.ഉ (അ) നം. 64/2012/ആ.കു.വ തീയതി 17.02.2012.
2. ആലപ്പുഴ വഴിച്ചേരി വിസിറ്റേഷൻ ചാരിറ്റബിൾ & വെൽഫെയർ സൊസൈറ്റി ഡയറക്ടർ 27.04.2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
3. കേരള നേഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 24.07.2023 തീയതിയിലെ ജി.5072/03/എൻ.സി നമ്പർ കത്തിനോടൊപ്പം ലഭ്യമായ പരിശോധന റിപ്പോർട്ട്.

കേരള നേഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 07.03.2024

4. തീയതിയിലെ ജി.5072/03/എൻ.സി നമ്പർ കത്തിനോടൊപ്പം ലഭ്യമായ പുനഃപരിശോധന റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ സ്ഥിതി ചെയ്യുന്ന സെന്റ് സെബാസ്റ്റ്യൻ വിസിറ്റേഷൻ സ്കൂൾ ഓഫ് നേഴ്സിംഗിൽ ജനറൽ നേഴ്സിംഗ് & മിഡ്വൈഫറി കോഴ്സ് സീറ്റുകൾ 20 ൽ നിന്നും 35 ആയി വർദ്ധിപ്പിക്കുന്നതിനുള്ള നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് ആലപ്പുഴ വഴിച്ചേരി വിസിറ്റേഷൻ ചാരിറ്റബിൾ & വെൽഫെയർ സൊസൈറ്റി ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (3), (4) എന്നിവ പ്രകാരം ടി സ്ഥാപനത്തിൽ പരിശോധന നടത്തി കേരള നേഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. പരിശോധന റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ചേർത്തല സെന്റ് സെബാസ്റ്റ്യൻ വിസിറ്റേഷൻ സ്കൂൾ ഓഫ് നേഴ്സിംഗിൽ ജനറൽ നേഴ്സിംഗ് & മിഡ്വൈഫറി കോഴ്സ് സീറ്റുകൾ 35 ആയി വർദ്ധിപ്പിക്കുന്നതിന് ചുവടെപ്പറയുന്ന നിബന്ധനകളോടെ നിരാക്ഷേപ പത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) ജി.എൻ.എം കരിക്കുലം, നേഴ്സിംഗ് സ്കൂളിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ

സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ബി) പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നേഴ്സിംഗ് സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

സി) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള നേഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate) എന്നിവ നേടിയതിന് ശേഷം മാത്രം വർദ്ധിപ്പിച്ച സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
ഡയറക്ടർ, വിസിറ്റേഷൻ ചാരിറ്റബിൾ & വെൽഫെയർ സൊസൈറ്റി, വിസിറ്റേഷൻ ജനറലേറ്റ്, വഴിച്ചേരി, ആലപ്പുഴ - 688 001.
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്‌ല ഫേസ്-1, ന്യൂഡൽഹി- 110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 30-07-2024 10:42:44
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.